(ഡി) വടകര മുനിസിപ്പൽ ചെയർമാൻ 14.2.2000-ന് പകരം തൊഴിലാളികളുടെ സംഘടനാ പ്രതിനിധികളെ വിളിച്ച് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ 15.2.2000-ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന പണിമുടക്ക് മാറ്റിവച്ചിട്ടുണ്ട്. നഗരസഭകളിൽ പകരം തൊഴിലാളികളെ നിയമിക്കുന്നതും സ്ഥിരപ്പെടുത്തുന്നതും 22.4.82-ലെ ജി.ഒ. (എം.എസ്.) 14/82/തൊഴിൽ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ്. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സ്ഥിരം തസ്തികകളിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് പകരം തൊഴിലാളികളുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥിരം നിയമനം നടത്തുന്നതിനുള്ള അധികാരം നഗരസഭയ്ക്കുണ്ട്.

132 (713) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരുടെ നിയമനം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പഞ്ചായത്ത് സെക്രട്ടറിമാരില്ലാത്ത എത്ര ഗ്രാമ പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഏതെല്ലാം;

(സി) മൂടാടി ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയെ നിയമിക്കാൻ അടിയന്തിര നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) മൂടാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി എം. ജയശ്രീ ഇപ്പോൾ അവധിയിലാണ്. ആയതിനു പകരമായി 21.2.2000-ലെ പഞ്ചായത്ത് ഡയറക്ടറുടെ ഇ/8-22/99 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. പി.ടി. ചന്ദ്രശേഖരനെ മൂടാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായി നിയമിച്ചിട്ടുണ്ട്.

133 (714) പരിസര മലിനീകരണം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കോർപ്പറേഷന്റെ കീഴിലുള്ള അഴുക്കുചാലുകളിൽ മലിനജലം കെട്ടിക്കിടന്ന് കൊതുകുശല്യം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ വൃത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് നഗരത്തിലെ ചില അഴുക്കുചാലുകളിൽ മലിനജലം കെട്ടിക്കിടന്ന് കൊതുകുശല്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2000 മാർച്ച് 31 വരെ ഒന്നരമാസം നീണ്ടുനിൽക്കുന്ന ഒരു സമഗ്ര ശുചീകരണ പരിപാടി നഗരസഭ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly